(ബി) ഇതുസംബന്ധിച്ചുള്ള വിശദമായ കണക്കുകൾ വെളിപ്പെടുത്താമോ ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ) :

(എ) കൂടുതലാണ്.

(ബി) വിശദമായ കണക്കുകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്†

ചിട്ടി കോർപ്പറേഷൻ

* 53. (220) ശ്രീ. ആർ. കൃഷ്ണൻ പാലക്കാട് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിട്ടി കോർപ്പറേഷൻ എന്നു രൂപീകരിച്ചു ;

(ബി) ഇതിലെ മെമ്പറൻമാർ ആരൊക്കെയാണ് ;

(സി) ഇതിന്റെ ചെയർമാൻ ആരാണ് ;

(ഡി) ലോട്ടറി, ചിട്ടി എന്നിവയിൽ അദ്ദേഹത്തിന്റെ യോഗ്യതകൾ എന്തൊക്കെയാണ് ;

(ഇ) ഇതിലേക്കുള്ള മറ്റു നിയമനങ്ങൾ ഏതു രീതിയിൽ നടത്താൻ ഉദ്ദേശിക്കുന്നു ?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ) :

(എ) 6-11-1969-ൽ രജിസ്ട്രാർ ചെയ്തു 2-12-1969-ൽ പ്രവർത്തനം ആരംഭിച്ചു.

(ബി) 1. ശ്രീ. ടി. മാധവൻ നായർ, (ചെയർമാൻ) അഡ്വക്കേറ്റ്, പാലക്കാട്.

2. ശ്രീ. ഹമീദ് ആലിഷാംനാട് (വൈസ് ചെയർമാൻ) അഡ്വക്കേറ്റ്, കാസർകോട്.

3. ശ്രീ. കെ. വി. കുട്ടിക്കൃഷ്ണൻ നായർ എക്സ് എം. പി. ചാലപ്പുറം, കാലിക്കട്ട്.

4. ശ്രീ. കെ. ശിവദാസൻ അഡ്വക്കേറ്റ്, കൊല്ലം.

5. ശ്രീ. ഇ. എം. ജോസഫ്, അഡ്വക്കേറ്റ്, കടനാട്, പാല.

6. ശ്രീ. എസ്. എം. നൂഹു ഷാരഫ് മൻസിൻ, ചാല, തിരുവനന്തപുരം.

7. ശ്രീ. പി. വേലായുധൻ നായർ, ഫിനാൻസ് സെക്രട്ടറി.

8. ശ്രീ. എം. ശിവദാസ മേനോൻ, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ.

9. ശ്രീ. കെ. വി. തോമസ്, (മാനേജിംഗ് ഡയറക്ടർ) ഡയറക്ടർ ഓഫ് സ്റ്റേറ്റ് ലോട്ടറീസ്

(സി) ശ്രീ. ടി. മാധവൻ നായർ.

(ഡി) ലോട്ടറി, ചിട്ടി എന്നിവയിലുള്ള പ്രത്യേക യോഗ്യത നോക്കിയല്ല നിയമനം നടത്തിയിട്ടുള്ളത്. പൊതുരംഗത്തുള്ള പ്രവർത്തനപരിചയം കണക്കിലെടുത്താണു നിയമനം നടത്തിയിട്ടുള്ളത്.

† Appendix I,

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കമ്പനി ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിനുള്ള അധികാരം ഡയറക്ടർ ബോർഡിനുള്ളതാണ്. ഉദ്യോഗ നിയമനത്തിനുള്ള രീതി ബോർഡ് രൂപീകരിക്കുന്നതാണ്. താൽക്കാലികമായി വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ഏതാനും ഉദ്യോഗസ്ഥൻമാരുടെ സേവനം ഈ കമ്പനി ആവശ്യപ്പെടുന്നതനുസരിച്ച് ഗവൺമെൻറ് വിട്ടുകൊടുത്തിട്ടുണ്ട്.

ടൈറാനിയം കോംപ്ലക്സ്

* 54. (221) ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൈറാനിയം കോംപ്ലക്സിൻെറ സ്ഥാപനത്തിനുള്ള കാലതാമസത്തിനുള്ള കാരണമെന്താണ്;

(ബി) തൽസംബന്ധമായ വിശദവിവരങ്ങൾ നൽകുമോ ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ) :

(എ, ബി) ഫാക്ടറിക്കുള്ള കെട്ടിടംപണി ഈ വർഷം ജൂൺ മാസത്തിൽ ആരംഭിക്കുന്നതിനുള്ള സത്വര നടപടികളും എടുത്തുവരികയാണ്.

UNSTARRED QUESTIONS AND ANSWERS

പോലീസ് ലാത്തിച്ചാർജ്

30. [190] ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1969 ജനുവരി ഒന്നിനുശേഷം കേരളത്തിൽ എവിടെയെല്ലാം പോലീസ് ലാത്തിച്ചാർജ് നടന്നു ;

(ബി) ഓരോന്നിലും എത്രപേർക്കു പരിക്കുപറ്റി ?

ഉത്തരം

(എ) & (ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ചിട്ടി കോർപ്പറേഷൻ

31. [218] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിട്ടി കോർപ്പറേഷനിലേയ്ക്കു മറ്റു ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതനുപാതത്തിൽ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനം നടത്തുന്നതു നിശ്ചിതമായ യാതൊരു അനുപാതത്തിലുമല്ല. കമ്പനി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെ സേവനം ഗവൺമെൻറ് വിട്ടുകൊടുക്കുകയാണു ചെയ്യാറുള്ളത്.

†Appendix II

LIBRARY ARCHIVES Kerala Legislative Assembly